മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 'ചാരായമേ വിട' എന്ന തെരുവു നാടകം നടത്തിയ ചെറുപ്പക്കാരുടെ മേലുണ്ടായ കയ്യേറ്റം വളരെയധികം നിർഭാഗ്യകരമായിപ്പോയി. ഇതു സംബന്ധിച്ച് ഏതാനും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് സമഗ്രമായിട്ട് നടത്താൻവേണ്ടിയുള്ള നിർദ്ദേശം പോലീസിന് നൽകുന്നതാണ്.

(3) നെടുമ്പാശ്ശേരി വിമാനത്താവളത്തിനുള്ള സ്ഥലമെടുപ്പ്

ശ്രീ. എസ്. ശർമ്മ: നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ റൺവേയുടെ പണികൾ പൂർത്തീകരിച്ചുവരികയാണ്. ടെർമിനലിന്റെ സ്ഥലമെടുപ്പ് നടത്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി വന്നിരിക്കുന്നതായി അറിയുന്നു. ആ ഭൂ ഉടമസ്ഥൻമാർ കോടതിയെ സമീപിക്കാനിടവന്നസാഹചര്യം ഭൂമി ഒഴിഞ്ഞുപോകുന്നവർക്കു മതിയായ വില ലഭിക്കാതെ വരുന്നതുകൊണ്ടുള്ള അതൃപ്തിയും അമർഷവുംകൊണ്ടാണ്. കോടതി വിധിയിൽ നിയമപരമായ അധികാരം ഈ സംഘത്തിന് ഇല്ലെന്ന് പറഞ്ഞിരിക്കുന്നു. അത് മനസ്സിലാക്കാതെ ഇപ്പോഴും ഉണ്ടായിട്ടുള്ള പ്രതിസന്ധിയെ തരണം ചെയ്യാൻ ആ ഭൂ ഉടമസ്ഥൻമാർക്ക് മതിയായ വില ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആൻറണി): ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരായിട്ട് ഡിവിഷൻ ബഞ്ചിൽ അപ്പീലും അതുപോലെതന്നെ സ്റ്റേ പെറ്റീഷനും നൽകുന്നതിന് വിമാനത്താവളത്തിലെ മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. വിമാനത്താവള കമ്മിറ്റി കൊടുക്കുന്ന പെറ്റീഷന്റെ വിധിയുടെ അടിസ്ഥാനത്തിൽ മറ്റ് കാര്യങ്ങൾക്ക് ആവശ്യമായ എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

(4) മംഗലാപുരം–ഷൊർണ്ണൂർ തീവണ്ടിപ്പാതയിൽ നിരന്തരമായി ഉണ്ടാകുന്ന വിള്ളലുകൾ

ശ്രീ. ഒ. രേതൻ: സർ, ഒരു അടിയന്തിരപ്രമേയത്തിന്റെ പ്രാധാന്യത്തോടുകൂടി, ഗൗരവത്തോടുകൂടി ആലോചിക്കേണ്ട ഒരു വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഷൊർണ്ണൂർ–മംഗലാപുരം റെയിൽവേ പാത ആരംഭിച്ചിട്ട് രണ്ടായിരമാണ്ട് ആകുമ്പോൾ നൂറ് വർഷം തികയുകയാണ്. നമ്മുടെ രാജ്യത്തെ തന്നെ ഏറ്റവും പഴക്കംചെന്ന റെയിൽവേ പാതയാണ് മംഗലാപുരം–ഷൊർണ്ണൂർ റെയിൽവേ പാത. ഇപ്പോൾ സാർവ്വത്രികമായിട്ട് ആ റൂട്ടിൽ വണ്ടി വളരെ വൈകിയാണ് ഓടിക്കൊണ്ടിരിക്കുന്നത്. ഒരുപാട് വിള്ളലുകൾ ആ ട്രാക്കിനകത്ത് പല സ്ഥലത്തും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. മംഗലാപുരം റെയിൽവേ പാതയിൽ ഈയിടെ മേഖലാ ചീഫ് എഞ്ചിനീയർ ഒരു വിദഗ്ദ്ധമായ പരിശോധന നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ട് മുന്നൂറോളം വിള്ളലുകൾ കണ്ടതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭാഗ്യംകൊണ്ടുമാത്രമാണ് പല അപകടങ്ങളും ഒഴിവാക്കപ്പെട്ടിട്ടുള്ളത്. ഈയിടെ കോഴിക്കോട് ടൗൺഹാളിന്റെ പിൻഭാഗത്തുവച്ച് വലിയൊരപകടത്തിൽനിന്നും യാത്രക്കാർ രക്ഷപ്പെടുകയുണ്ടായി. വണ്ടി ഓടിച്ചിരുന്ന ഡ്രൈവറുടെ അനന്യസാധാരണമായ മനഃസാന്നിദ്ധ്യം കൊണ്ടുമാത്രമാണ് ആ അപകടം ഒഴിവാക്കപ്പെട്ടത്. നൻമ നിറഞ്ഞ ആ ഡ്രൈവറെ നമുക്ക് അഭിനന്ദിക്കുകതന്നെ വേണം. അല്ലെങ്കിൽ നൻമയെ വളർത്തിക്കൊണ്ടുവരാൻ സാധിക്കില്ല. കഴിഞ്ഞ രണ്ടു കൊല്ലമായിട്ട് മാസത്തിലൊരിക്കലെങ്കിലും വിള്ളലുണ്ടാവുകയെന്നുള്ളത് പതിവായിത്തീർന്നിരിക്കുകയാണ്. വടകര-പെങ്ങാലി റെയിൽവേ സ്റ്റേഷനടുത്തും കണ്ണൂരിൽ എ൯റ വീടിന്റെ തൊട്ട് പിന്നാമ്പുറത്ത് തോട്ടട എന്നു പറയുന്ന സ്ഥലത്തും വിള്ളലുകൾ പ്രത്യക്ഷപ്പെടുകയുണ്ടായി. അവിടെ ഒരു അപകടം സംഭവിക്കുകയാണെങ്കിൽ എന്താണുണ്ടാവുകയെന്നുള്ളത് നമുക്ക് ഊഹിക്കാൻ സാധിക്കും. പാലത്തിന്റെ പഴക്കമാണ് ഇതിനുള്ള പ്രധാനപ്പെട്ട കാരണം. രണ്ടായിരാമാണ്ട് ആകുമ്പോഴേക്കും നൂറ് കൊല്ലം തികയാൻ പോകുന്ന പാലമാണിത്. ഏറ്റവും ഒടുവിൽ പാലത്തിന്റെ റിപ്പെയർ നടന്നത് 1961-62 ലാണ്. പത്തുമുപ്പത്തിയഞ്ച് വർഷക്കാലമായിട്ട് ഈ പാലത്തിന്റെ റിപ്പെയർ പണി നിർവ്വഹിച്ചിട്ടില്ലെന്നാണ് കാണുന്നത്. പാലത്തിനു താങ്ങാൻ സാധിക്കുന്നതിലധികം ഭാരം താങ്ങിക്കൊണ്ടിരിക്കുകയാണ്. ശരാശരി ഏഴ് പാസഞ്ചർ വണ്ടികളാണ് നേരത്തെ ഓടിക്കൊണ്ടിരുന്നത്. ഇപ്പോൾ 25-ഓളം പാസഞ്ചർ വണ്ടികൾ ഓടുന്നുണ്ട്. മുമ്പ് പത്തു ദിവസത്തിലൊരിക്കൽ ഒരു ഭാരവണ്ടി ഓടിക്കൊണ്ടിരുന്നത് ഇപ്പോൾ ഓരോ ദിവസവും ഓരോ ഭാരവണ്ടി വീതം ഓടുന്നുണ്ട്. പാതയാണെങ്കിൽ വളരെ പഴക്കം ചെന്ന പാതയുമാണ്. ഈ പാത അടിയന്തിരമായിട്ട് നവീകരിക്കാനുള്ള നടപടിയുണ്ടാകണം. അതുപോലെതന്നെ പാത ഇരട്ടിപ്പിക്കാനുള്ള നടപടികൂടിയുണ്ടാകണം. കൊങ്കൺ റെയിൽവേയുടെ ആവിർഭാവത്തോടുകൂടി ഈ ലൈൻ അനുഭവിക്കുന്ന വിഷമതകളകറ്റാൻ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. പക്ഷേ ആ നടപടി സ്വീകരിച്ചിട്ടില്ല. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിക്ക് പോകുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ദാരുണമായ വിഷയത്തെ സംബന്ധിച്ച് ബന്ധപ്പെട്ട ആളുകളുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് പറയുകയാണ്. അപകടം ഉണ്ടായിട്ട് പിന്നെ കണ്ണീർ വീഴ്ത്തിയിട്ട് ഒരു പ്രയോജനവുമില്ല. നമ്മൾ അങ്ങനെ ചെയ്തിട്ടുണ്ട്. കൊല്ലത്തിനടുത്ത് കുറച്ച് കൊല്ലങ്ങൾക്കുമുമ്പ് ഉണ്ടായ ട്രെയിൻ അപകടത്തെ സംബന്ധിച്ച് നമ്മൾ ഒട്ടേറെ കണ്ണീർ വാർത്തു. ഇങ്ങനെ കണ്ണീർ വാർത്തതുകൊണ്ട് കാര്യമില്ല. അപകടം ഒഴിവാക്കാൻ എങ്ങനെ സാധിക്കുമെന്നാണ് നോക്കേണ്ടത്. രോഗം വന്ന് ചികിൽസിക്കുന്നതിനെക്കാളും നല്ലത്, രോഗം വരാതിരിക്കാനാവശ്യമായിട്ടുള്ള മുൻകരുതലുകൾ എടുക്കുന്നതാണ്. അതുകൊണ്ട് അപകടം ഇല്ലാതാക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ ഗവൺമെൻറ് സ്വീകരിക്കണം. കേന്ദ്രഗവൺമെൻറിൽ അതിനാവശ്യമായ നിർബന്ധം ചെലുത്താൻ, സമ്മർദ്ദം ചെലുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരിക്കുന്നത് വളരെ ഗുരുതരമായ ഒരു വിഷയം തന്നെയാണ്. മംഗലാപുരം-ഷൊർണ്ണൂർ ലൈനിൽ നിരന്തരമായി അല്ലെങ്കിലും കൂടെക്കൂടെ വിള്ളലുകൾ ഉണ്ടാകുന്നതിന്റെ ഫലമായിട്ട് ട്രെയിൻ വൈകുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു സാധാരണ സംഭവമാണ്. അതിനുപുറമേ ചിലപ്പോഴെല്ലാം അപകടത്തിലേക്ക് വഴുതിവീഴുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ഈ പ്രദേശത്തെ സുരക്ഷിതത്വ സംവിധാനം ശക്തിപ്പെടുത്താൻ ഫലപ്രദമായ നടപടികളും സ്വീകരിക്കണമെന്ന് റെയിൽവേ അധികാരികളോട് ആവശ്യപ്പെടുന്നതാണ്.

(5) മലയാള മനോരമ ലേഖകൻ ശ്രീകുമാറിനെ പോലീസ് മർദ്ദിച്ച സംഭവം

ശ്രീ. കെ. പ്രകാശ് ബാബു: സർ, മലയാള മനോരമയുടെ പുനലൂർ ലേഖകനും എന്റെ അയൽവാസിയുമായ ശ്രീകുമാർ കീരിക്കൽ എന്ന യുവാവിനെ കൊട്ടാരക്കര പോലീസ് എസ്. ഐ. യും സംഘവും ചേർന്ന് അകാരണമായി മർദ്ദിച്ച് അവശനാക്കിയ സംഭവമാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. ഈ സംഭവം നടന്നത് ഫെബ്രുവരി 25-ാം തീയതിയാണ്. 25-ാം തീയതി ശ്രീകുമാർ കുളക്കടയിലുള്ള തന്റെ സഹോദരിയുടെ വീടിന്റെ മുറ്റത്ത് നില്ക്കുകയായിരുന്നു. പോലീസ് ജീപ്പ് അവിടെ കൊണ്ടുനിർത്തി ശ്രീകുമാറിനെ കൈകാട്ടി വിളിക്കുകയായിരുന്നു. ജീപ്പിന്റെ അടുത്തുവന്ന് 'എന്താണ് സർ' എന്നു ചോദിച്ച ശ്രീകുമാറിനെ, രണ്ടു കരണത്തും മാറി മാറി അടിച്ചുകൊണ്ട് എസ്. ഐ. തള്ളിയിടുകയായിരുന്നു. പോലീസ് അയാളെ തൂക്കിയെടുത്ത് ജീപ്പിന്റെ അകത്തേക്ക് എറിഞ്ഞു. താൻ ഒരു തെറ്റും ചെയ്തിട്ടില്ലെന്നും താൻ ഒരു പത്രപ്രവർത്തകനാണെന്നും ശ്രീകുമാർ എസ്. ഐ.-യോടും പോലീസുകാരോടും പറഞ്ഞു. 'നിന്നെ ഞാൻ കുറച്ചു നാളായി തിരക്കുകയാണ്' എന്നു പറഞ്ഞ് അസഭ്യശരങ്ങൾ ചൊരിഞ്ഞുകൊണ്ട് അയാളെ പൊക്കിയെടുത്ത് ജീപ്പിന്റെ ബാക്കിലിടുകയായിരുന്നു. ബാക്കിലേക്ക് ഇട്ടിട്ട് ബാക്കിലെ രണ്ടു സീറ്റിന്റെയും ഇടയ്ക്ക് ആ യുവാവിനെ കിടത്തി. അയാളുടെ തലയിൽ അടി കൊള്ളാതിരിക്കുന്നതിനുവേണ്ടി രണ്ടു കയ്യും തലയോട് ചേർത്തുപിടിച്ചു. ആ പോലീസുകാർ ബലമായി രണ്ടു കയ്യും പിടിച്ചു മാറ്റി ചവിട്ടിപ്പിടിച്ചുനിന്നു. എന്നിട്ട് ജീപ്പിലിട്ട് ധാരാളം തല്ലി. കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ചെന്നശേഷം അതിനേക്കാൾ ക്രൂരമായി തല്ലി. ശ്രീകുമാർ, താൻ ഒരു പത്രപ്രവർത്തകനാണെന്ന് കൂടെക്കൂടെ വിളിച്ചുപറഞ്ഞിട്ടും അയാളെ വെറുതെ വിട്ടില്ല. സ്റ്റേഷനിൽ ചെന്നശേഷം ആ എസ്. ഐ. അവിടെനിന്നും സ്ഥലംവിട്ടുകളഞ്ഞു. പിന്നീട് ശ്രീകുമാറിനെ ഇറക്കുന്നതിനുവേണ്ടി ബന്ധുക്കളും നാട്ടുകാരുമൊക്കെ സ്റ്റേഷനിൽ ചെന്നശേഷമാണ് അയാളെ ഇറക്കി ആശുപത്രിയിലാക്കിയത്. ഈ വിഷയത്തിൽ എസ്.പി.-ക്ക് പരാതി കൊടുത്തു. കൊല്ലത്തെ പത്രപ്രവർത്തകരെല്ലാം അങ്ങനെ നേരിട്ടു വന്നുകണ്ടു. മൂന്നു ദിവസത്തിനകം നടപടിയുണ്ടാകുമെന്ന് അന്ന് എസ്. പി. ഉറപ്പുകൊടുത്തതാണ്. പക്ഷെ ഞാൻ തിങ്കളാഴ്ച ഈ സബ്മിഷൻ എഴുതി തരുന്നതുവരെ യാതൊരു നടപടിയുമുണ്ടായില്ല. എസ്. പി. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ എസ്. ഐ. കാണിച്ചത് തെറ്റാണെന്ന് വളരെ വ്യക്തമായി എഴുതിത്തന്നിട്ടുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. എന്തായാലും യാതൊരു കാരണവുമില്ലാതെയാണു എസ്. ഐ. ഇത് ചെയ്തത്. ഞങ്ങൾക്ക് അറിയാൻ കഴിയുന്നത്, അദ്ദേഹത്തെ കണ്ടു കഴിഞ്ഞാൽ ഏതു നാട്ടുകാരനായാലും ഓടിക്കൊള്ളണം. റോഡ്

LIBRARY ARCHIVES Kerala Legislative Assembly